**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3324 16/12/2015-ൽ മറുപടിയ്ക്ക്

## ഹൈടെക് കൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഹൈബി ഈഡൻ**<br>**,, പി.എ.മാധവൻ**<br>**,, കെ.എസ്.ശബരീനാഥൻ**<br>**,, എം.എ. വാഹിദ്** | | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) | ഹൈടെക് കൃഷി രീതി വ്യാപിപ്പിക്കാൻ കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഹൈടെക് പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ പറയുന്നതാണ്.<br>1. സംരക്ഷിത കൃഷി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷിക ഉത്പ്പന്നങ്ങളുടെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുക.<br>2. ഉന്നത ഗുണനിലവാരമുള്ള കാർഷിക ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക.<br>3. ഗുണനിലവാരമുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യ, പോഷക, ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുക.<br>4. കയറ്റുമതി ലക്ഷ്യമിട്ട് കട്ട്ഫ്ളവർ, ലൂസ് ഫ്ളവർ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.<br>5. കർഷകന്റെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.<br>6. കുറഞ്ഞ അദ്ധ്വാനം ഉപയോഗിച്ച് കൃഷി സാധ്യമാക്കുക. |
| സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാനായി ഭരണതലത്തിൽ എടുത്ത നടപടികൾ ചുവടെപറയുന്നു. |

1. സംസ്ഥാന / ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിച്ചു.
2. നിർമ്മാണ ഏജൻസികളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കി
3. ആർക്ക് ജിസ് സോഫ്റ്റ്‌വെയർ മുഖേന പോളീഹൗസ് മോണിറ്ററിംഗ് സാധ്യമാക്കി.
4. കർഷകകൂട്ടായ്മകൾ രൂപീകരിച്ചു.

സെക്ഷൻ ഓഫീസർ